പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 533 — 04.02.2020 ലെ മറുപടിക്ക്

**കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വ്യക്തമാക്കാമോ; | കേരളത്തിലെ കയർ വ്യവസായ സഹകരണ സംഘങ്ങളിലെ (കയർപിരി സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ്/ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾ, ചകിരി/തൊണ്ട് സഹകരണ സംഘങ്ങൾ) ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 23.11.2012-ലെ സ.ഉ.(കൈ)നം.139/2012/വ്യവ ഉത്തരവ് പ്രകാരം പരിഷ്ക്കരിച്ചിരുന്നു. സംഘങ്ങളെ വിറ്റുവരവിന്റെ തോത് അനുസരിച്ച് 5 ഗ്രേഡുകളായി തിരിച്ചിരുന്നു. ആയത് പ്രകാരം 5 ഗ്രേഡുകളായി ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ സ്കെയിലുകൾ നിശ്ചയിക്കുകയുണ്ടായി.<br>അടിസ്ഥാന ശമ്പളത്തോടൊപ്പം ക്ഷാമബത്ത, വീട് വാടക ബത്ത (അടിസ്ഥാന ശമ്പളത്തിന്റെ 8%), സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് എന്നിവ കൂടാതെ ചുവടെ നൽകുന്ന ആനുകൂല്യങ്ങളും കയർ സഹകരണ സംഘം ജീവനക്കാർക്ക് ലഭിക്കുന്നുണ്ട്.<br><br>1. എല്ലാ ജീവനക്കാർക്കും ഒരു വർഷം പരമാവധി 1500 രൂപ മെഡിക്കൽ അലവൻസ്<br>2. കണ്ണട അലവൻസ് (ആകെ സർവ്വീസിൽ ഒരിക്കൽ) - 100 രൂപ<br>3. അവധിശമ്പളം - 30 ദിവസത്തെ വേതനം<br>4. ആർജ്ജിത അവധി - 1/20 ദിവസം എന്നകണക്കിൽ |

| | |
|---|---|
| | 5. വനിതാ ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ പ്രസവാവധി<br>6. പേഴ്സണൽ പേ – 2012-ലെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനു ശേഷം ഏതെങ്കിലും സ്കെയിലിൽ ഉയർന്ന വേതനം നിലനിൽക്കുന്നു എങ്കിൽ വ്യതിയാനം വരുന്ന തുക പേഴ്സണൽ പേ ആയി കണക്കുകൂട്ടി നൽകുകയും ചെയ്യുന്നു. |
| ബി) കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | ബി) കയർ വ്യവസായ സഹകരണ സംഘങ്ങളിലെ (കയർപിരി സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ്/ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾ, ചകിരി/തൊണ്ട് സഹകരണ സംഘങ്ങൾ) ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിന് ഒരു ശമ്പള പരിഷ്ക്കരണ കമ്മിറ്റി സർക്കാർ 15.10.2018-ലെ സ.ഉ.(സാധാ)നം.1194/2018/വ്യവ ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് 31.01.2020 തീയതിയിൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ